## ഡിജിറ്റൽ മാഗസിൻ



# Double Click

**ഗവ. ഹയർ സെക്കന്ററി സ്‌ക്കൂൾ, മണിയൂർ**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



ഗൗരീനന്ദ്.എം

## എഡിറ്റോറിയൽ ബോർഡ്



അദയ് ചന്ദ്രൻ.പി.വി



അലീന ബാബുരാജ്.ആർ



ഗോപിക അശോക്



കാർത്തിക്.എൻ.ഡി



മിദാഷ് ഇസ്മയിൽ



മുഹമ്മദ് ഹബീബ്



മുനവർ കറ്റോടി

## മുഖവുര ............

നാം ഇന്ന് ജീവിക്കുന്നത് ഐടി യുഗത്തിലാണ്.
ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായാണ്
ഇന്ന് ലോകം മുന്നോട്ട് നീങ്ങുന്നത്.
ആധുനികതയെ സ്പർശിച്ച്
പുതുമയിലേക്കൊരു ഡിജിറ്റൽ പതിപ്പ്.
താളുകൾ മറിക്കുമ്പോൾ
ഞങ്ങളുടെ സൃഷ്ടികൾ ,
കാഴ്ചപ്പാടുകൾ,
രൂപകല്പനകൾ എന്നിവ
നവരീതിയിലാണ് ഉണർത്തപ്പെടുന്നത്.
നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും
വിവരശേഖരണങ്ങളിലൂടെയും
ഒട്ടനവധി കുട്ടികൾ
സ്വയം ആർജ്ജിച്ചെടുത്ത
അറിവുകളുടെ കൂട്ടമാണ് ഈ പതിപ്പ്.
ഐ.ടി രംഗത്ത് പുതിയ അറിവുകൾ നേടി
നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്.
ഒരുപാട് പേരുടെ കഠിനാധ്വാനത്തിന്റെയും,
പ്രയത്നങ്ങളുടെയും,
സഹകരണത്തിന്റെയും,
വിജയബോധത്തിന്റെയും ഫലമായി രൂപം കൊണ്ട
ഡബ്ൾ ക്ലിക്ക് ഡിജിറ്റൽ മാഗസിൻ
സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

---

ലിറ്റിൽ കൈറ്റ്സ്
ജി എച്ച് എസ് എസ് , മണിയൂർ

# Message .....



I am delighted to know that our LITTLE KITEs team is bringing out yet another digital magazine this year. As the head of institution I am proud of the commitment of the Kite master, Mistress and the students group. I hope that this magazine would be successful in achieving the objects of Little Kites programme. I extend my warm greetings to all.

**P.M.SASI**
**Headmaster**
**GHSS Maniyur**

# ഉള്ളടക്കം

അൽപം സ്കൂൾ ചരിത്രം ........................................................ 6
ഭൂമീ വിലാപം ........................................................................ .9
സന്ധ്യയിലെ വെള്ളച്ചാട്ടം.......................................................10
ജീവിതത്തിലെ ശാസ്ത്ര സാങ്കേതിക ഉണർവ്വ്..............................11
ലഹരി............................... ............................................. ...13
അയാൾ നിശ്വസിച്ചു അതിജീവനത്തിനായ് .............................14
പ്രണയപൂർവ്വം ...................................................................... 16
ലഹരിയിൽ പുകയുന്ന ബാല്യം............................................... 17
സ്നേഹബന്ധം..........................................................................19
Thoughts of my family...................................................... 21
Little Kites Units........................................... ................. 22
എന്തിനായ് നീ.................................................... ......... ..... 26
വിദ്യാർത്ഥികളുടെ സൃഷ്ടികളിലൂടെ.......................................... 27
ചേച്ചിയമ്മ............... ...................................................... 30
വാർത്തകൾ ചിത്രങ്ങളിലൂടെ................................................. 31
കാറ്റ് പറഞ്ഞത് .................................................................. 33
കാടിനകത്തെ നിധി............................................................. 34
മഴത്തുള്ളികൾ ..................................................................... 38

# അൽപം
# സ്കൂൾ ചരിത്രം




ജില്ലയിലെ എറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ മണിയൂർ ഗ്രാമപഞ്ചായത്തിലെ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ ഏക സ്ഥാപനമാണ് മണിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. പഞ്ചായത്തിന്റെ മൂന്ന് ഭാഗം കുറ്റ്യാടിപുഴയും ഒരു ഭാഗം തിരുവള്ളൂർ, വില്ല്യാപ്പള്ളി പഞ്ചായത്തുകളുമാണ്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായെന്നതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് തടസ്സമായിരുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഉൽപതിഷ്ണുക്കളായ രാഷ്ട്രീയ – സാമൂഹ്യ പ്രവർത്തകർ നടത്തിയ ത്യാഗനിർഭരമായ പ്രവർത്തനങ്ങളുടെ ഉൽപ്പന്നമാണ് മണിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ.

നിരവധി വ്യക്തികളും സംഘടനകളും മണിയൂർ പഞ്ചായത്തിൽ ഹൈസ്കൂൾ സ്ഥാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം പേര് പ്രത്യേകം പ്രത്യേകം എടുത്തു പറയണമെന്നുണ്ടെങ്കിലും വിസ്താരഭയത്താൽ അതിന് മുതിരുന്നില്ല. എങ്കിലും സ്കൂൾ സ്ഥാപിക്കുന്നതിന് നാല് ഏക്കറോളം സ്ഥലം സൗജന്യമായി നൽകിയ ശ്രീ.ഐ.പി.നാരായണൻ നമ്പ്യാരെ ഈ അവസരത്തിൽ ആദരപൂർവ്വം സ്മരിക്കുകയാണ്.

1966 ജൂൺ ഒന്നിന് മണിയൂരിന്റെ അന്നത്തെ ചിരകാല സ്വപ്നമായ സെക്കണ്ടറി വിദ്യാഭ്യാസം ഔപചാരികമായി നിലവിൽ വന്നു. തുടക്കത്തിൽ 8-ാം ക്ലാസ്സിൽ ആരംഭിക്കുകയും ശ്രീ. കെ. അപ്പുണ്ണിക്കുറുപ്പ് മാസ്റ്റർ ഹെഡ്മാസ്റ്ററായി ചുമതല ഏറ്റെടുക്കുകയും ചെയ്തു.

1997 ലാണ് പുതിയ വിദ്യാഭ്യാസ പദ്ധതിയും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയും സ്കൂളിന്റെ മുഖഛായ മാറ്റുന്നതിലേക്ക് സഹായകമാണ്. തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 1996 ൽ ആവിഷ്കരിച്ച വിജയരഥം പരിപാടി സ്കൂളിന്റെ എസ്.എസ്.എൽ.സി വിജയശതമാനത്തിൽ വൻ കുതിപ്പ് ഉണ്ടാക്കി. 1995 വരെ സ്കൂളിന്റെ വിജയശതമാനം 40% ത്തിൽ താഴെയായിരുന്നു. എന്നാൽ 1997 മാർച്ചിൽ 75% ശതമാനം പേർ വിജയിച്ചു. തുടർന്നുള്ള വർഷങ്ങളിൽ വിജയം 98 ശതമാനത്തിലുമായി. 2014 മാർച്ച് മുതൽ 100% വിജയം നേടുന്ന സ്കൂളുകളുടെ പട്ടികയിലേക്ക് നമ്മുടെ സ്കൂളും കടന്ന് വരികയാണ് . കായികരംഗത്ത് കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലം മണിയൂരിനെ സംബന്ധിച്ചെടുത്തോളം അവിസ്മരണീയമായ നേട്ടങ്ങൾ ഉണ്ടാക്കിയ കാലഘട്ടമാണിത്. കായിക അധ്യാപകനായ ഹരിദാസൻ മാസ്റ്ററുടെ ഈ രംഗത്തെ സേവനം മണിയൂരിന്റെ പേര് ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ എത്തിക്കാൻ സഹായിച്ചിട്ടുണ്ട്.

2005 മുതൽ നമ്മുടെ സ്കൂൾ ഹയർസെക്കന്ററി സ്കൂളായി മാറിയിട്ടുണ്ട്. മൂന്ന് ബാച്ചുകളിലായി 385 വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറിയിൽ പഠനം നടത്തി വരുന്നു. കഴിഞ്ഞ 10 വർഷമായി പ്ലസ് ടു വിജയ ശതമാനം വളരെ മികച്ചതാണ്. ഹയർ സെക്കണ്ടറിയിൽ ആരംഭകാലത്ത് സ്ഥിര അധ്യാപകരുടെ ലഭ്യതയില്ലായ്മ നമ്മെ ഏറെ ബുദ്ധിമുട്ടിച്ചെങ്കിലും ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ ഭൂരിപക്ഷം പേരും സ്ഥിരം അധ്യാപകരാണ്.

2010 മുതൽ നമ്മുടെ സ്കൂൾ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നിരവധി സർക്കാർ ഏജൻസികളിൽ നിന്ന് വികസനത്തിനായി ഫണ്ട് ലഭ്യമായിട്ടുണ്ട്. ഈ കാര്യത്തിൽ പരേതരായ ശ്രീ.എ.കണാരൻ, ശ്രീ.മത്തായിചാക്കോ എന്നീ എം.എൽ.എ മാരുടെയും ശ്രീമതി. സതീദേവി, ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.കെ.ലതിക എന്നിവരുടെയും പ്രത്യേക ഇടപെടലിലൂടെ ലഭ്യമായ ധനസഹായത്തിന് ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും. നിലവിലെ എം.എൽ.എ ആയ ശ്രീ. പാറക്കൽ അബ്ദുള്ളയുടെയും പിന്തുണ സ്കൂളിന് നിർലോഭമായി ലഭിച്ച് വരികയാണ്.

2010-ന ശേഷം സ്കൂളിന്റെ ഭരണ നിർവ്വഹണം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ സ്കൂളിന്റെ ഭൗതിക സാഹചര്യം ഗണനീയമായ രൂപത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏകദേശം

രണ്ട് കോടിയോളം രൂപ കഴിഞ്ഞ 5 വർഷത്തിനിടയിൽ നമ്മുടെ സ്കൂളിന് ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷം 50 ലക്ഷം രൂപ ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ ശ്രീ. പാറക്കൽ അബ്ദുള്ള ബിൽഡിങ്ങ് നിർമ്മാണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. 2018 – 19 അധ്യയന വർഷത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറിയിട്ടുണ്ട്.



ആധുനിക കാലത്തെ വിദ്യാഭ്യാസ സൗകര്യത്തിന് ഇണങ്ങുന്ന രൂപത്തിൽ നമ്മുടെ സ്കൂൾ മാറുന്നതിന്റെ ഭാഗമായി ഒരു ബൃഹത്തായ മാസ്റ്റർ പ്ലാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. സുവർണ്ണ ജൂബിലി നിറവിൽ നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ മുഖഛായ തന്നെ ജനകീയ സഹകരണത്തോടെ മാറ്റാനുള്ള തയ്യാറെടുപ്പിലാണ് പി.ടി.എയും സ്കൂൾ അധികൃതരും.

# ഭൂമീ വിലാപം

എവിടെനിന്നോ കേൾക്കുന്നിതാ
ഭൂമിതൻ അകമറ്റ തേങ്ങൽ
അന്ത്യശ്വാസം വലിക്കുന്ന
ഭൂമീമാത തൻ അകമറ്റ തേങ്ങൽ
എന്തേ ഞാൻ ചെയ്ത പാപം
എന്തേ ഇങ്ങനെ ശിക്ഷ ?
പറയൂ മാനുഷരേ പറയൂ മാനുഷരേ
എന്റെ കോശമാം വൃക്ഷശാഖകൾ
വെട്ടിമുറിച്ചില്ലേ എന്റെ ശ്വാസമാം
മലനിരകൾ നിങ്ങൾ മാന്തിയെടുത്തില്ലേ ?
എന്റെ ദേഹമാം മൺതടങ്ങൾ
പെട്ടിയിലാക്കിയില്ലേ ?
എന്റെ രോധനം  കാതങ്ങൾ  താണ്ടിയെത്തും
ഈ മണ്ണിനെ നശിപ്പിച്ചതിനു പ്രതികാരം ചെയ്യാം
കാറ്റായ് കടലായ് തിരമാലയായ്....
മനുഷ്യരാശിയുടെ വിനാശത്തിനായ്

അന്വയ മനോജ്
10 - B

# സന്ധ്യയിലെ വെള്ളച്ചാട്ടം



അരുണനസ്തമിച്ച മാരുതന്റെ
ഓരോ ഈണങ്ങളിൽ കളി -
ചാഞ്ചാട്ടമോരോ മഴത്തുള്ളികൾ
മഴ വന്ന നിറവുള്ളി നിറഞ്ഞു
കടലോളം മീനുകൾ വന്നിറങ്ങി.
ഉമ്മയോട് വാശി പിടിച്ച് ഉമ്മറപ്പടിയിൽ
ഞാൻ വന്നിരുന്നു.
മാരുതൻ വീശി, മഴച്ചാറ്റ പാറിയെൻ
കവിളുകളിൽ ചുംബനങ്ങൾ നൽകി.
ആകസ്മികമായി മഴ നിന്നു.
സങ്കടത്തോടെ ഞാൻ മാനത്തു നോക്കി
നക്ഷത്രങ്ങൾ തെളിഞ്ഞു വന്നു.
അമ്പിളി മുത്തശ്ശൻ കൊഞ്ഞനം കാട്ടീ
എന്നെ നോക്കി കുണുങ്ങി ചിരിച്ചു.

ഫാത്തിമത്ത് റഫീഅ
8 - F

# ജീവിതത്തിലെ ശാസ്ത്രസാങ്കേതിക ഉണർവ്

മാറുന്ന ജീവിത രീതികൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് മാനവരാശിയെ നയിക്കുന്നത് ശാസ്ത്രസാങ്കേതികവിദ്യയാണ് എന്നതിൽ തർക്കമില്ല. നവയുഗ വളർച്ചക്കനുസൃതമായി വളർന്നുകൊണ്ടിരിക്കുന്ന അടിസ്ഥാന ഘടകമായി മാറി കൊണ്ടിരിക്കുകയാണ് ശാസ്ത്ര സാങ്കേതിക പുരോഗതി. മനുഷ്യ ജീവിതം ഇന്ന് ശാസ്ത്ര സാങ്കേതിക വിദ്യക്കനുകൂലമായി ഗതി മാറി ഒഴുകി കൊണ്ടിരിക്കുകയാണ്. ഓരോ രാജ്യത്തെയും വികസനത്തെ പോലും അളക്കുന്ന അളവുകോലായി മാറിയിരിക്കുകയാണ് ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനം.

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ ആശ്രയിക്കുന്നത് ശാസ്ത്ര സാങ്കേതിക വിദ്യയും അതിന്റെ നൂതന ആശയങ്ങളെയും ആണ് എന്ന കാര്യം നാം മറന്നുപോകരുത്. ഒരു രാജ്യം അതിന്റെ വികസനപാത പൂർത്തീകരിക്കുന്നതുവരെ രാജ്യത്തെ ശാസ്ത്രസാങ്കേതിക വളർച്ച കണക്കാക്കുന്നു. നമ്മുടെ സ്വന്തം നാടായ ഇന്ത്യ ഇന്ന് വികസനക്കുതിപ്പിലാണ്. ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക രംഗത്തെ ഏടുകൾ പരിശോധിച്ചാൽ നമുക്കത് മനസ്സിലാക്കാം. ശാസ്ത്ര സാങ്കേതിക രംഗത്തെ കണ്ടുപിടിത്തങ്ങളും ഈ രംഗത്തെ മറ്റ് നേട്ടങ്ങളും ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ പ്രധാനപ്പെട്ട സവിശേഷതയായി മാറിയിരിക്കുകയാണ്. ജനങ്ങളുടെ പ്രശ്നങ്ങളും അസൗകര്യങ്ങളും പരിഹരിക്കാനും ജീവിതസൗകര്യങ്ങൾ സുഗമമാക്കാനും ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും ശാസ്ത്ര സാങ്കേതികവിദ്യക്ക് സാധിക്കുന്നു. ദരിദ്രർ മുതൽ ധനികർ വരെയുള്ള ഏവർക്കും ഇന്ന് ശാസ്ത്രവും സാങ്കേതികവിദ്യയും താങ്ങായി മാറുന്ന അവസ്ഥ നമുക്ക് കാണാൻ സാധിക്കുന്നു. മനുഷ്യ ജീവിതത്തിലെ ഒരു ഭാഗമായി മാറിയിരിക്കുകയാണ് ഇന്ന് ഓരോ നാട്ടിലും ശാസ്ത്രവും സാങ്കേതികവിദ്യയും. ഇ-ഗവേണൻസിലൂടെ പൊതുജനങ്ങളെ ഭരണ തലത്തിൽ സഹായിക്കാനും കാര്യക്ഷമവും സംശുദ്ധവുമായ ഭരണം കാഴ്ച വെയ്ക്കാനും ഇന്ന് സാങ്കേതികവിദ്യ ആശ്രയിച്ചുള്ള ഭരണ രംഗത്തിന് കഴിയുന്നു.

ലോകം ഇന്ന് ഇ-യുഗം ആയി മാറുന്ന കാഴ്ച നാനാ കോണിലും ഇന്ന് സ്പഷ്ടമാണ്. ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലോകത്തെ അറിയാൻ കഴിയുന്നതും സാങ്കേതികവിദ്യയുടെ പുത്തൻ ഉണർവ്വായ് കരുതുന്നു. മൊബൈൽ, ഐടി രംഗങ്ങളിലെ കണ്ടുപിടുത്തവും ഗുണപരമായ സവിശേഷത തന്നെയാണ്.

വയോജനങ്ങൾക്കും പാവപ്പെട്ടവർക്കും ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും ഇന്ന് സാങ്കേതിക വിദ്യയിലൂടെ ആണ് കൈകാര്യം ചെയ്യപ്പെടുന്നത് എന്നത് ജനങ്ങളെ മറ്റൊരു തലത്തിൽ എത്തിക്കുന്നു. ശാസ്ത്രരംഗത്തെ നേട്ടം അതിലും മഹനീയമായ സാഹചര്യങ്ങളാണ് ഇന്ന് മനുഷ്യന് ഒരുക്കി നൽകുന്നത്. ഇന്ത്യ സ്വന്തം ശാസ്ത്രരംഗത്തെ യശസ്സ് ഉയർത്തിപ്പിടിച്ച ഒരു സുപ്രധാന സംഭവമാണ് ചരിത്രത്തിൽ ഇടം പിടിച്ച ചാന്ദ്രയാൻ-2. ഇന്ത്യ എന്ന വികസനപാതയിലെ രാഷ്ട്രം അതിന്റെ കഴിവ് ശാസ്ത്രത്തിലൂടെ പുറത്ത് തെളിയിക്കുകയാണ് ഉണ്ടായത്. യന്ത്രവൽകൃത ലോകത്തിന്റെ മറ്റ് സംഭാവനകളും വ്യാവസായിക വിപ്ലവവും വിദ്യാഭ്യാസരംഗത്തെ ആശയങ്ങളും ഇന്ത്യയെ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ മികച്ച രാഷ്ട്രമായി പ്രഖ്യാപിക്കുന്നു.

ഈ നൂറ്റാണ്ടിൽ നാം വിദ്യാഭ്യാസ മേഖലയ്ക്ക് അനുസൃതമായാണ് ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങൾക്കൊപ്പം ജീവിക്കുന്നത്. എന്നാൽ മുൻ നൂറ്റാണ്ടുകളിൽ വിദ്യാഭ്യാസം എന്നത് വിദൂരമായ ലോകമായിരുന്നു എന്ന് അനുഭവപ്പെട്ട ഒരു ജനതയെ നാം ഓർക്കേണ്ടത് അനിവാര്യമാണ്. സാക്ഷരത നഷ്ടപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ രീതികളും അതിന്റെ സാധ്യതകളും ഉൾക്കൊള്ളാൻ

കഴിയാത്ത ഒരു ജനതയെ നമുക്ക് ശാസ്ത്ര സാങ്കേതിക രംഗത്തെ പുത്തൻ ജനതയായി വാർത്തെടുക്കുവാൻ കഴിയില്ല. നമ്മുടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും ഉള്ള വിപ്ലവങ്ങൾക്കിടയിൽ കുടുങ്ങി പോയ, വിദ്യാഭ്യാസം നഷ്ടപ്പെട്ട ജനതയെ നാം ഈ കാലത്തെ ഇ-യുഗത്തിൽ വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. ജീവിത യാത്രക്കിടയിൽ ചെറു തെറ്റുകൾക്ക് പിഴയടക്കുന്നവരെല്ലാം സാങ്കേതിക വിദ്യയുടെ പരാജയത്തിന്റെ അടയാളമാവുകയാണ്. ഇങ്ങനെ സാങ്കേതിക ശാസ്ത്ര രംഗത്തെ വികസനത്തിനും പുത്തനുണർവ്വിനുമൊപ്പം ജനങ്ങൾ ബഹുസ്വരരാവേണ്ട നാളുകളും അതിക്രമിക്കുന്നുണ്ട്.

**നീലാഞ്ജന എസ് രാജ്**
**10-C**

# ലഹരി



രാക്ഷസന്മാർ നമ്മെ കാത്തിരിക്കുന്നു
ലഹരിയിൻ അടിമയാക്കിടുവാൻ
നന്മയുടെ വെളിച്ചം കെടുത്തുവാൻ
തിന്മയുടെ ഇരുട്ടിൽ തള്ളുവാൻ
ലഹരിയിൻ അടിമയായി മാറിയാൽ പിന്നെയോ
അമ്മയില്ല, അമ്മയുടെ സ്നേഹമില്ല
അച്ഛനില്ല, സഹോദരങ്ങളില്ല
ലഹരിക്ക് ലഹരി തന്നെ സ്വന്തം
കാൻസറു പോലുള്ള ഭീകര രോഗങ്ങൾ
വന്നു കഴിഞ്ഞാൽ പിന്നെയോ
പുറം ലോകം കാണാതെ നമ്മൾ
മരണത്തിൻ മടിയിൽ ചാഞ്ഞീടണം
മരണത്തിൻ മടിയിൽ ചാഞ്ഞീടണം.

അനുവർണ്ണ.വി.എസ്
8-H

# അയാൾ നിശ്വസിച്ച അതിജീവനത്തിനായി

അവൾ ആഞ്ഞു നിശ്വസിച്ചു. ആ ചുടുനിശ്വാസത്തിൽ ഉറഞ്ഞു കിടന്നിരുന്ന വേവലാതികളും അടങ്ങാത്ത നൊമ്പരങ്ങളും അയാളുടെ കവിൾത്തടത്തിൽ വന്നുടയുന്നു. പക്ഷേ അയാൾ നിശബ്ദനായിരുന്നു. ശൂന്യമായ ആ മനസ്സിൽ നിന്ന് വികാരങ്ങൾ ഊർന്നിറങ്ങിയിരുന്നു. ആ മൗനത്തിൽ അവരുടെ ഉഛ്വാസവും നിശ്വാസവുമല്ലാതെ മറ്റൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഹൃദയഭേദകമായ ആ കാഴ്ച അവർക്ക് ചുറ്റും കൂടിയവരിലും ചില ഏങ്ങലുകൾ സൃഷ്ടിച്ചു. അവർ ശാന്തമായ അന്തരീക്ഷത്തിൽ ഉപ്പ് കലർത്തി. തങ്ങൾ പരസ്പരം ആരാണെന്ന് മറന്നു പോയ അവർ വിദൂരതയിൽ നോട്ടമിട്ടു നിന്നു. അത് സത്യമായിരുന്നു അവർ എല്ലാം മറന്നിരിക്കുന്നു. ജീവിതപാത അവർക്ക് മുന്നിൽ നിന്ന് അപ്രത്യക്ഷമായിരുന്നു . ആരൊക്കെയോ ചുറ്റുംകൂടി എന്തൊക്കെയോ മൊഴിഞ്ഞു. ഒടുവിൽ ഏകാന്തത വന്ന് പിരി മുറുക്കിയപ്പോൾ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്ന പോലെ പൊടുന്നനെ അവർ പരസ്പരം നോക്കി. ആ രണ്ടു കണ്ണിലും ആരും കാണാത്ത, കേൾക്കാത്ത എന്തൊക്കെയോ പങ്കുവെച്ചിരുന്നു.

മറഞ്ഞുപോയ ഏതോ ഒരു സംഭവം കനത്ത അന്ധകാരത്തിലേക്ക് നുഴഞ്ഞുകയറി. അന്ന് പതിവുപോലെ തീർത്തും സാധാരണമായ ഒരു ദിവസമായിരുന്നു. കറുത്തിരുണ്ട ആകാശത്തെ നോക്കി പുലമ്പിക്കൊണ്ടിരുന്ന മുത്തിതള്ളയെ അമ്പരപ്പിച്ചുകൊണ്ട് ആകാശം പുലമ്പി കരയാൻതുടങ്ങി. ഘോരമായ അലർച്ച അടുക്കുമ്പോൾ കയ്യാലിയുടെ ആനന്ദം ഏറിവന്നു. അവൾ ഏതോ ഒരു ആവേശം കിട്ടിയതുപോലെ ആർത്തിരമ്പി, ചിന്നിച്ചിതറി ഒഴുകാൻ ആരംഭിച്ചു. രാത്രിയോടടുക്കുന്തോറും മഴയേറി വന്നു. കയ്യാലിയുടെ ഉൾത്തടം വീർത്തു നിന്നു. ആ വേദന താങ്ങാനാവാതെ അവൾ നിറഞ്ഞൊഴുകി. അവൾ ഗ്രാമത്തെ ഹൃദയത്തിലേറ്റാൻ തുടങ്ങി. പതിയെ അവളുടെ ഹൃദയ സാമീപ്യം ആ ഗ്രാമത്തെ മുത്തിയുണർന്നു. അവളുടെ ഹൃദയവിശാലത ഏറി പരിധി കടന്നപ്പോൾ മുത്തപ്പൻമലയ്ക്ക് ആവേശമേറി. ഒടുവിൽ തൻറെ ചെളിയും മണലും കലർന്ന ആനന്ദക്കണ്ണീർ പൊഴിച്ച് കൊണ്ട്



അതും കയ്യാലിയോടൊപ്പം ചേർന്നു. എല്ലാവരും ഉറക്കമായിരുന്നു. നിറയെ, നിറയെ സ്വപ്നങ്ങൾ കണ്ടു എല്ലാവരും നിഷ്കളങ്കരായി മാറുന്ന സുഖനിദ്രയുടെ ആ സമയത്താണ് മലയുടെ അഴുക്കുപുരണ്ട കണ്ണുനീർ പ്രവാഹം വീടുകളെ മുത്തിപ്പുണർന്നത്. മണലും കല്ലും അതിൽ കൂടി കലർന്നിരുന്നു. വീടിനെ തകർത്തുകൊണ്ട് ഊർന്നിറങ്ങിയ ആ വെള്ളപ്പാച്ചിൽ അൻപത് പേരുടെയോളം ജീവനെടുത്തു അവയിൽ ഏകദേശം പത്തു പേരെ ദൃശ്യമായുള്ളൂ. ഇപ്പോഴും ആ മണ്ണിൽ ഒരായിരം പേർ പൂഴ്ന്നു കിടക്കുന്നു.

ദമ്പതിമാരിൽ ഭാവമാറ്റമൊന്നും ഉണ്ടായില്ല. അവർ നിശ്വസിച്ചു. തങ്ങളുടെ പൊന്നോമന ....... അവൾ ഏറെ സ്നേഹിച്ചിരുന്നു കയ്യാലിയെ. ബാങ്കിൽ നിന്നും ജപ്തിനോട്ടീസ് വന്ന നിമിഷം കയ്യാലിയുടെ തീരത്തെ ഉപേക്ഷിക്കാൻ ഒരുങ്ങുകയായിരുന്നു ആ കുടുംബം. വേദന കടിച്ചമർത്തിയ അച്ഛനമ്മമാർക്ക് അവൾ ആശ്വാസവാക്കുകളായിരുന്നു. ആ മഹാമാരിയുടെ അന്നും അവൾ പറഞ്ഞിരുന്നു, "ജീവിതമല്ലേ ഇതൊക്കെ, നമുക്ക് മുന്നോട്ടു പോകാം, വിഷമിക്കണ്ട." അത്രയേറെ തങ്ങൾ സ്നേഹിച്ച, തങ്ങളെ സ്നേഹിച്ച അവളുടെ വേർപാട് ദമ്പതികൾക്ക് താങ്ങാൻ കഴിയുമായിരുന്നില്ല. അവസാനമായി അവളെ കാണുവാൻ പോലും ..... ആ പിതാവ് എഴുന്നേറ്റു. ഭാര്യ പറഞ്ഞു "സൂക്ഷിക്കണം." പൊള്ളയായ ആ വാക്കുകൾ കേട്ട് ശൂന്യമായ ഹൃദയവുമായി അയാൾ നടന്നു. താൻ ജനിച്ചു വളർന്ന മണ്ണിൽ നിന്നും അയാൾ ഒരു പടന്ന എടുത്തു. അയാൾക്ക് പടന്ന ഇല്ലായിരുന്നു. എവിടെനിന്നെങ്കിലും ഒലിച്ചു വന്നതാവണം.

ഭ്രാന്തനെ പോലെ അയാൾ മണ്ണിൽ കിളകാൻ തുടങ്ങി. എന്തിനെയോ തിരയുന്ന പോലെ. ഭൂമിക്കടിയിൽ നിന്നും ദൈവികമായ ഒരു മുഖം ഉയർന്നു വന്നു. ആ പിതാവ് ആ മണ്ണിനെ ഇളക്കിമാറ്റി. പ്രളയത്തെ അതിജീവിച്ച ആ മുഖം അയാൾക്ക് ചിരപരിചിതമായിരുന്നു. ജീവിതവഴികൾ കാട്ടിയ മുഖം. അയാൾ നിശ്വസിച്ചു. അതിജീവനത്തിന്റെ ശൂന്യമായ നിശ്വാസം .....

അന്വയ മനോജ്

"ഭൂമി ആദ്യം പ്രസവിച്ചത് പ്രണയത്തെയാണ്.
കടൽ കരയെയും സസ്യങ്ങൾ മണ്ണിനെയും
കാറ്റ് മഴയെയും പ്രണയിക്കുന്നത് കണ്ടാണ്
പക്ഷികൾ പ്രണയം തുടങ്ങിയത്.
പ്രണയത്തിന്റെ സംഗീതം മനുഷ്യനിലെത്തിയപ്പോഴേക്കും
അതിന് ഭാഷയും അർത്ഥങ്ങളുടെ അനന്ത സാധ്യതകളുമുണ്ടായി. "

# പ്രണയപൂർവ്വം

ജയ്ദീപ് കെ

നിയോണിന്റെ വെളിച്ചത്തിൽ
ഞാനെന്റെ പ്രാണനും
മെല്ലിച്ചൊരെല്ലിൻ കൂടും,
വഴിയോരക്കാഴ്ചകൾ
കണ്ട് തുരുമ്പിച്ച കണ്ണും,
നെറികെട്ട വാക്കുകൾ കേട്ട്
തഴമ്പിച്ച കാതും,
അവസാനതുള്ളിയായ് വീഴുന്ന
ഒ പോസിറ്റീവ് രക്തവും
നിനക്കടിയറ വെക്കുന്നു.

നമുക്കീ വെളുത്ത ചുമരിലൂടെ
ദീർഘനേരം ഒലിച്ചിറങ്ങാം....
അനാഥമായ ഏകാന്തതയിൽ നിന്ന്
ഒരു ചലനത്തിലൂടെ മോചനം നേടാം
പരിഭാഷപ്പെടുത്തുന്ന പ്രണയകവിതകളുടെ
പുറം ചട്ടയിലേക്ക് ചേക്കേറാം.
പ്രേമത്തിന്റെ നഗ്നതയിലൂടെ
സൺബാത്ത് സംസ്കാരത്തെ നിശ്ശബ്ദരാക്കാം
ഒടുവിലൊരു പ്രതിക്കൂട്ടിലെ
ചോദ്യങ്ങളുടെ കരിശുമരത്തിൽ
നമുക്കന്യരാവാം.......
അവിടെ
എനിക്കോ,
നിനക്കോ,
പ്രണയത്തിനോ
മാത്രമായ്
ഒരു ജടില ചോദ്യമവശേഷിക്കട്ടെ!
നിനക്കാരാണു ഞാൻ?



# ലഹരിയിൽ പുകയുന്ന

# ബാല്യം




വർത്തമാനകാല സമൂഹത്തിന്റെ പ്രധാന സങ്കീർണതകളിൽ ഒന്നാണ് ലഹരിയുടെ അമിത ഉപയോഗം. നാട്ടിൻപുറങ്ങൾ ഇന്ന് ലഹരിയുടെ വലയത്തിൽ അകപ്പെട്ടിരിക്കുകയാണ്.കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്ന ഈ മാരക വിപത്തിന്റെ വേരറുത്താൽ മാത്രമേ പുത്തൻ തലമുറയെ ഇതിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ



ലഹരി വസ്തുക്കൾ പ്രധാനമായും മസ്തിഷ്കത്തെയും മനസ്സിനെയുമാണ് ബാധിക്കുന്നത്. ഇവയ്ക്ക് പ്രധാനമായും അടിമപ്പെടുന്നവരാകട്ടെ കൗമാര - യൗവ്വന പ്രായക്കാരുമാണ് . ശ്രദ്ധക്കുറവ്, ശേഷിയില്ലായ്മ, ഉൽസാഹക്കുറവ്, മയക്കം , ഭക്ഷണത്തോടുള്ള വിരക്തി എന്നിവയാണ് ലഹരി മരുന്നുകൾ വരുത്തിവെയ്ക്കുന്ന വിന. ഇവ ശീലിച്ചുപോയാൽ അവയിൽ നിന്ന് വിമുക്തി നേടാൻ പ്രയാസമാണ് പിന്നീടത് ശരീരത്തിന്റെയും മനസ്സിന്റെയും ഒരാവശ്യമായി തീരുന്നു. ആ സമയത്ത് അത് കിട്ടിയില്ലെങ്കിൽ ആ വ്യക്തിക്ക് മാനസിക വിഭ്രാന്തിയും മറ്റും ഉണ്ടാകുന്നു. ഇത് വ്യകതിയെയും കുടുബത്തെയും അതുവഴി സമൂഹത്തെയും നശിപ്പിക്കുന്നു.

പ്രൈമറി ക്ലാസു മുതൽ ലഹരി ഉപയോഗത്തെ കുറിച്ച് ബോധവത്ക്കരിക്കുകയും ഒഴിവുവേളകളിൽ കുട്ടികളെ കായിക പ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുകയും ചെയ്താൽ ഒരു പരിധി വരെ ഇത് നിയന്ത്രിക്കാൻ കഴിയും.

ഡോ.എം.ഷിംജിത്ത്

കായികാധ്യാപകൻ

# സ്നേഹബന്ധം



ഇന്ന് ജൂൺ 1 സ്കൂൾ തുറക്കുന്നു. അച്ചുവും അമ്മുവും സ്കൂളിൽ പോകാൻ പുറപ്പെട്ടു. രണ്ട് പേരുടെയും പുതിയ ബാഗും കുടയും ഒക്കെ എടുത്ത് ഒരുങ്ങി നിന്നു. അവർ വലിയ ധനികരായിരുന്നു. അച്ഛൻ പോലീസ് ഓഫീസറും അമ്മ ടീച്ചറുമായിരുന്നു. ആവശ്യത്തിനും അല്ലാതെയും അവർ പൈസ ചെലവാക്കിയിരുന്നു. ഏതാണ്ട് 9 മണി ആയപ്പോൾ അവർ സ്കൂളിലേക്കിറങ്ങി. ഇവരുടെ വീടിന്റെ വലതു വശത്തായി ഒരു പാവപ്പെട്ട കുടുംബത്തിലെ ഒരമ്മയും മകനും താമസിച്ചിരുന്നു. ഒറ്റ മുറിയെടുത്താണ് ഇവർ താമസിക്കുന്നത്. അവനും സ്കൂളിലേക്ക് പോകാൻ ഒരുങ്ങി. അമ്മ ജോലിക്കു പോയി ഉണ്ടാക്കുന്ന പണം കൊണ്ടാണ് ഇവർ ജീവിക്കുന്നത്. അമ്മ മകനോട് പറഞ്ഞു "മോനെ നീ വിഷമിക്കരുത് , ബാഗും കുടയും വാങ്ങാനുള്ള പണം തികഞ്ഞിട്ടില്ല. പെട്ടന്നായിരുന്നു അവന്റെ മറുപടി "ഞാൻ സഞ്ചി കൊണ്ടുപോകാം. ബാഗും കുടയും എനിക്ക് വേണ്ടമ്മേ. അമ്മയുടെ സ്നേഹം മാത്രം മതി." അത് കേട്ടപ്പോൾ അമ്മയ്ക്ക് സങ്കടവും, സന്തോഷവും തോന്നി. എന്റെ സ്നേഹം നുകർന്ന് മതിയായിട്ടില്ല അവന്. അവനും സ്കൂളിലേക്ക് പുറപ്പെട്ടു. അച്ചുവും അമ്മുവും ഇന്ന് നേരത്തെ ക്ലാസിൽ ഹാജരായി. ഇന്ന് ആദ്യ ദിവസമായതുകൊണ്ട് പരിപാടി ആയിരുന്നു. അത് കണ്ടും ആസ്വദിച്ചും വൈകുന്നേരമായി. സ്കൂൾ വിട്ടു. അപ്പോഴേക്കും ഇരുണ്ട കാർമേഘം, കൊടുങ്കാറ്റ്, മരങ്ങൾ കടപുഴകി വീഴുന്നതിന്റെ ശബ്ദം. പെയ്യാൻ വെമ്പി നിൽക്കുന്ന മഴയെ കാറ്റ് കൊണ്ടുപോകുന്നു. ഇതെല്ലാം ആസ്വദിച്ച് കുട്ടികൾ വീട്ടിൽ പോകുന്നു. പെട്ടെന്ന് ഒരു ശബ്ദത്തോടെ ഇടിമിന്നലും പേമാരിയും പെയ്തിറങ്ങി. അച്ചുവും അമ്മുവും കുടയും ചൂടി തുള്ളിച്ചാടിപ്പോയി. പാവം ഉണ്ണിമാത്രം സ്കൂളിൽ നിന്നും പോയില്ല. നാല് മണിയായി അധ്യാപകരും കുട്ടികളുമെല്ലാം വീട്ടിൽ എത്തി.

'അഞ്ച് മണിയായി മഴയുടെ ശക്തി മെല്ലെ കുറഞ്ഞു. അവൻ ഒരു വാഴയിലയും ചൂടി വീട്ടിൽ പോയി. വീട്ടിലെത്തിയപ്പോഴേക്കും അന്ന് കിട്ടിയ പുതിയ പാഠപുസ്തകം നനഞ്ഞു കുതിർന്നു. അവന്റെ കണ്ണിൽ ഉറഞ്ഞുകൂടിയ സങ്കടങ്ങൾ



അലിഞ്ഞൊഴുകാൻ തുടങ്ങി. അങ്ങനെ കുറെ മാസങ്ങൾ കടന്നുപോയി. പരീക്ഷ തുടങ്ങി. അച്ചുവും അമ്മുവും പരീക്ഷയെ കാറ്റിൽ പറത്തിവിട്ടു. എന്നാൽ ഉണ്ണി അത് ഒരു വെല്ലുവിളിയായി കണക്കാക്കി. എല്ലാവരെക്കാളും ഉയർന്ന മാർക്ക് വേണമെന്ന് ചിന്തിച്ചു. രാവും പകലും ഇല്ലാതെ അവൻ പഠിച്ചു. അവനെ പ്രോത്സാഹിപ്പിച്ച് അമ്മ നിന്നു. പരീക്ഷ കഴിഞ്ഞു. കാലങ്ങൾ കഴിഞ്ഞു. ഉണ്ണി വലുതായി ഒരു ഉന്നത ജോലി കരസ്ഥമാക്കി. പലപ്പോഴും ജോലി അവനെ തേടി വരികയായിരുന്നു ദൂരസ്ഥലങ്ങളിൽ നിന്ന്. അപ്പോഴൊക്കെ അവൻ അത് ഒഴിവാക്കുമായിരുന്നു. അമ്മയെ തനിച്ചാക്കി എങ്ങനെയാണ് താൻ ഇത്ര ദൂരം പോവുക എന്നു കരുതി. അച്ചുവും അമ്മുവും ഇപ്പോൾ പണം ചെലവഴിച്ച് ഹോസ്റ്റലിൽ പഠിക്കുന്നു. ഇപ്പോൾ ഉണ്ണിയുടെ വീട്ടിൽ അവർ സന്തോഷമായി കഴിയുന്നു. പെട്ടെന്നാണ് ഉണ്ണിയുടെ ജോലിസ്ഥലത്തുനിന്ന് ഫോൺ വന്നത്. തിരുവനന്തപുരത്ത് പോകാനാണ്. അവന് അമ്മയെ വിട്ടു പോകാൻ സാധിക്കില്ല. അവന്റെ ആവശ്യങ്ങൾ ഒന്നും നിറവേറ്റാൻ കഴിയാത്തതുകൊണ്ടും പഠനത്തെ ചൊല്ലി വലിയ പ്രതീക്ഷകൾ ഉള്ളതുകൊണ്ടും മാത്രമാണ് അവനെ തിരുവനന്തപുരത്തേക്ക് ആ അമ്മ അയച്ചത്.

അമ്മയുടെ സ്നേഹ ബന്ധം കൊണ്ടാണ് ഉണ്ണി വലിയ ഉദ്യോഗസ്ഥനായി, ശമ്പളം കൊണ്ട് ഒരു വലിയ വീടുണ്ടാക്കി താമസിച്ചത്. അപ്പോഴേക്കും അച്ചുവും അമ്മുവും സ്വന്തം മാതാപിതാക്കളെ ഉപേക്ഷിച്ച് വേറെ വീടുണ്ടാക്കി താമസിച്ചിരുന്നു. ഇതിനു കാരണം അവരുടെ മാതാപിതാക്കളുടെ പണം കൊണ്ടുള്ള സ്നേഹബന്ധമാണ്. ഉണ്ണിയുടെ അമ്മയുടെ നല്ല രീതിയിലുള്ള സ്നേഹബന്ധം കൊണ്ടാണ് ഉണ്ണി നല്ല സ്നേഹവാനായത്. അതിനാൽ അവന്റെ അമ്മ സന്തോഷവതിയും മകന്റെ സ്നേഹം ഉൾകൊണ്ടവളും ആയി മാറി. മറ്റുള്ളവരുടെ മുൻപിൽ ഒരു അംഗീകാരം ലഭിച്ചത് പോലെ അവർക്ക് തോന്നി.

ദേവനന്ദ.സി.പി
8-G

# Thoughts of my family

One day I turned back and looked.
I saw many steps there.
On the first step, I saw my family
They are gazing at me.
But their faces were gloomy.
Not sad but fearful.
It grieved my heart.
What their problem was ?
Worrying about my wings ?
My wings ......!
Having colourful feathers
I cannot measure at strength.
I saw them lament over me.
The door is unfastened....
But I have more trouble
When I saw their troubled faces.
I realised that they are worrying over me.
I am happy.
I know they want me.
And I gave my feather
For them, the Heaven called me

Malavika K Manesh
10-E

# LITTLE KITES UNIT

## 2018 - 2020



## 2019 - 2021



## *2019 - 2022*



## *JAGRATHA BRIGADE*



## JUNIOR RED CROSS



## BHARATH SCOUT & GUIDES



# *STUDENT POLICE CADET*






എസ്.പി.സി കേഡറ്റുകളുടെ നേതൃത്വത്തിൽ സമാഹരിച്ച പഠനോപകരണങ്ങൾ
വയനാട്ടിലെ പ്രളയബാധിതരായ വിദ്യാർത്ഥികൾക്ക് കൈമാറുന്നു.

# എന്തിനായ് നീ ....?

രാവിലെ എഴുന്നേറ്റ്
ഉമ്മ നൽകാനായി ഇന്നവൾ
അമ്മ തൻ അരികിലെത്തിയില്ല.
എന്തേ ഇന്നിത്ര വൈകുന്നിവൾ ?
നേരത്തെ ഉണരുന്നതായിരുന്നല്ലോ
രാത്രിയിൽ മുറിയിൽ വെളിച്ചം ഉണ്ടായിരുന്നു
പഠിക്കുകയാണെന്ന് ഉത്തരം ലഭിച്ചു.
പാവം എന്റെ മകൾ, എന്റെ പൊന്നോമന
തന്നുടെ നനഞ്ഞ കൈകൾ
സാരിത്തുമ്പാൽ തുടച്ച് മകളുടെ
അടുക്കലേക്ക് അമ്മ നടന്നടുത്തു.
വാതിൽ പതുക്കെ ശബ്ദം ഉണ്ടാക്കിയോ ?
മോളെ ......
പിന്നെ ആ ഭവനം നിശബ്ദമായി.
ഇടവേള അധികം നീണ്ടുനിന്നില്ല.
ഉയർന്നവിടെയൊരു ഭയാനകാന്തരീക്ഷം.
പക്ഷേ... ആരും കരയുന്ന
അലിവു തോന്നുന്നൊരു ദുഃഖാന്തരീക്ഷം.
അധികം വൈകാതെ തീ നാളങ്ങളും.
അമ്മതൻ മകളുടെ ശരീരത്തെ വിഴുങ്ങി
ആനന്ദനൃത്തച്ചുവടു വച്ചു.
എന്റെ കുട്ടി, അവൾ...
മേടുകൾ തോറും കളിക്കയാണ്.
വരുവാൻ പറയുക അവളോട്
സന്ധ്യാനാമം ജപിക്കേണ്ടതല്ലേ ?
വിശപ്പേറെയിന്നുണ്ടാകുമല്ലോ.
അമ്മ പറഞ്ഞ വാക്കുകളി-
ലെവിടെയോ ഒന്ന് എൻ
കർണ്ണത്തിലിന്നും മാറ്റൊലി കൊള്ളുന്നു
ഞാനത് തരാമെന്ന് പറഞ്ഞതല്ലേ...
എന്തിനായ് പിന്നെ നീ ..?

കൃഷ്ണേന്ദു. എസ്
10-C

# വിദ്യാർത്ഥികളുടെ സൃഷ്ടികളിലൂടെ....



അഭയ് ചന്ദ്രൻ.പി.വി



അൻഷാദ് മുഹമ്മദ്

## വിദ്യാർത്ഥികളുടെ സൃഷ്ടികളിലൂടെ....



ഫാത്തിമ ലുബാബ



ദേവനന്ദ.പി.എം

## വിദ്യാർത്ഥികളുടെ സൃഷ്ടികളിലൂടെ....



ദൃശ്യ.എസ്.എസ്



ഫാത്തിമ നാജിയ മുഹമ്മദ്

# ചേച്ചിയമ്മ

ഒരു വാക്കു മിണ്ടാതെ, ഒന്നു കാണാതെ
എങ്ങു പോയ് മാഞ്ഞു നീ ചേച്ചിയമ്മേ ?
വിദ്യാലയത്തിൽ പോകുന്ന നേരത്ത്
കൈ വീശി യാത്ര പറയാറില്ലേ
പനിയാണ് നിനക്കെന്ന് നീ ചൊല്ലി ആ-
നേരം ദുഃഖ പൂമൊട്ടുകൾ വിടർന്നെൻ നെഞ്ചിൽ
ആറേഴ് നാൾ നിന്നെ കണ്ടതില്ല.
എന്നുള്ളിൽ സങ്കട ഭീതിയായി ചേച്ചിയമ്മേ
വിദ്യാലയത്തിലേക്കുത്സാഹത്തോടെ ഞാൻ
പോയ ദിനങ്ങൾ മറന്നു പോയി.

ഒരമ്മ പെറ്റുള്ള മക്കളെ പോലെ നാം
കളി ചിരിയോടെ നടന്നതല്ലേ ?
പനി കൂടിയെന്നമ്മ പറഞ്ഞിട്ടും
നിന്നെ കാണില്ലെന്നു കരുതിയില്ല.
പ്രാണൻ വെടിഞ്ഞു നീ മാലാഖമാരുടെ
കൂട്ടാളിയാകുമെന്നോർത്തതില്ല.
ഒരു നോക്കു കാണാതെ, ഒന്നു ചിരിക്കാതെ
എവിടേക്കു പോയി നീ ചേച്ചിയമ്മേ ?
ഇനി നീ ഉമ്മറത്തിണ്ണയിൽ
വന്നിട്ട് യാത്ര പറയുകില്ലേ ?
ഒരു നല്ല പാട്ടിന്റെ ഈണം മൂളാതെ
പരിഭവിച്ചെങ്ങു പോയ് ചേച്ചിയമ്മേ ...?



അലീന ബാബുരാജ്.ആർ
9-A

## വാർത്തകൾ ചിത്രങ്ങളിലൂടെ....



വടകര ഉപ ജില്ലാ കായിക മേളയിൽ ചാംമ്പ്യന്മാരായ മണിയൂർ ജി.എച്ച്.എസ്.എസ് ടീം



വിദ്യാലയം പ്രതിഭകളിലേക്ക് പരിപാടിയുടെ ഭാഗമായി കോച്ച് ശ്രീ.ഒ.എം.നമ്പ്യാരെ ആദരിച്ചപ്പോൾ

വാർത്തകൾ ചിത്രങ്ങളിലൂടെ....



'വിദ്യാലയം പ്രതിഭകളിലേക്ക്' പരിപാടിയുടെ ഭാഗമായി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും അന്താരാഷ്ട്ര കായിക താരവുമായിരുന്ന എ.എം.ബിൻസിയെ ആദരിച്ചപ്പോൾ




2019 ഒക്ടോബർ 29 മുതൽ നവം.1 വരെ സ്കൂളിൽ വെച്ച് നടന്ന വടകര ഉപജില്ലാ കലോത്സവം സമാപന സമ്മേളനം ശ്രീ. അശോകൻ പതിയാരക്കര  ഉദ്ഘാടനം ചെയ്യുന്നു.

# കാറ്റു പറഞ്ഞത്

ഒരു ദിനം കാറ്റതിൻ ദുഃഖങ്ങൾ ഞാനുമായി
പങ്കു വെയ്ക്കുന്നതായെനിക്കു തോന്നി.
എത്ര സുന്ദരമായിരുന്നു എന്റെ ജീവിതം.
ഹരിത സസ്യങ്ങൾക്കിടയിലൂടെ....
വീശിപ്പറക്കുവാനെന്തു സുഖം.
ജീവജാലങ്ങൾ  തൻ ജീവവായുവായ് ഞാ-
നിന്നും ഭൂമിയിൽ നില നിൽക്കുന്നു....
തൻ ശാഖകൾ മുകളിലേക്കുയർത്തിപ്പിടിച്ച്
എന്നെക്കാത്തിരിക്കുന്ന വൻ മരങ്ങൾ.
തൻ പുഷ്പങ്ങൾക്ക് സൗഭാഗ്യമേകുവാൻ
എന്നെക്കാത്തിരിക്കുന്ന ചെറു ചെടികൾ.
ഇത്രയും പ്രകൃതി മനോഹരമായ
ഭൂമിയിൽ വസിക്കുവാൻ എന്തു സുഖം.
ഇരുവശവും തിങ്ങിനിറഞ്ഞു നിന്ന
മലകൾക്കിടയിലിരിക്കുവാനെന്തു സുഖം.
എന്നാലിന്ന് മനുഷ്യരെല്ലാം
വെട്ടി നശിപ്പിച്ചു വൻമരങ്ങൾ.
വെട്ടിയൊതുക്കീ ചെറു ചെടികൾ.
ഇടിച്ചു നികത്തീ വൻമലകൾ.
മണ്ണിട്ടു നികത്തീ വയലേലകൾ.
വയലില്ല, മലയില്ല, മരങ്ങളില്ലാ .....
പ്രകൃതിയെങ്ങും മരുഭൂമിയായി.
ഇത്രയേറെ കാഴ്ചകൾ കണ്ടിട്ട്
ദുഃഖം സഹിക്കുവാനെനിക്കാവതില്ല.

അഥീന.എസ്
8-E

# കാടിനകത്തെ നിധി

അന്ന് ഒരു അവധിദിവസമായിരുന്നു. അവൻ പതിവുപോലെ തന്റെ അച്ഛനോടൊപ്പം നിലം ഉഴുതു മറിക്കാനായി പാടത്തേക്കു പോയി. കലപ്പ കെട്ടിവച്ച കാളകളുമായി അവൻ ചുറ്റും നിലം ഉഴുതു മറിക്കാൻ തുടങ്ങി. ദൂരെനിന്ന് പണിചെയ്യുകൊണ്ടിരിക്കുന്ന അച്ഛന്റെ ഉപദേശം കേട്ടു. “കുട്ടാ അധികം വെയിലത്തിങ്ങനെ ഓടേണ്ട ട്ടോ...മാത്രമല്ല വീണാൽ വസ്ത്രം മുഴുവൻ അഴുക്കാവും” . അച്ഛന്റെ ഉപദേശം അവൻ കാറ്റിലൂടെ പറത്തിവിട്ടു. കാളകളെ നിർത്താൻ ശ്രമിച്ചെങ്കിലും അവയുടെ വേഗത കൂടി. ഇതുകണ്ട അച്ഛൻ ദൂരെനിന്നു വരുന്നത് അവൻ കണ്ടു. കാളകളെ ബലമായി പിടിച്ച് കരക്കു കയറ്റി തിരിഞ്ഞുനോക്കിയപ്പോൾ കുട്ടനെ കാണാനില്ല. "കുട്ടാ...” എന്നൊന്നു നീട്ടിയപ്പോൾ "അതാ !” താഴെ ചളിക്കുണ്ടിൽ നിന്നും എഴുന്നേറ്റ് വരുന്ന കുട്ടനെ അച്ഛൻ മുകളിൽ കയറ്റി. "നിന്നോട് ഞാൻ പറഞ്ഞതല്ലേ അപ്പുക്കുട്ടാ ഇറങ്ങണ്ടാന്ന്, ദേ ഇപ്പോൾ ഷർട്ടും ട്രൗസറും മൊത്തം അഴുക്കായത് കണ്ടില്ലേ ?” ദേഷ്യപ്പെട്ട് നിൽക്കുന്ന അച്ഛനു മുമ്പിൽ ഒരു കള്ളച്ചിരി തൂകി കൊണ്ട് കവിളിലെ നുണക്കുഴികൾ വിരിഞ്ഞു നിന്നു. കുറ്റബോധത്തോടെ അവൻ നിന്നു. ആ ചിരിക്കു മുന്നിൽ അച്ഛന്റെ കോപം ഉരുകി തീർന്നു.

അച്ഛൻ പറഞ്ഞു "വാ നടക്ക് ആ പാറമട കുളത്തിലേക്ക് പോയി കുളിച്ചു വരാം". പാറകുളം, ഞാൻ ഇതുവരെ കേൾക്കാത്ത കുളം. കൂടെ കൂടെ അവന് കുളം കാണാൻ തിടുക്കമായി.

ചുറ്റും പാറകൾ നിറഞ്ഞ് വലിയ ആഴം തോന്നിക്കുന്ന ആ കുളത്തിന് പാറ നിറഞ്ഞതിനാൽ ആണ് ആ പേര് കിട്ടിയത് എന്ന് അവനു തോന്നി. ഷർട്ട് ഊരി വെച്ചത് കഴുകിക്കളഞ്ഞു. അച്ഛന്റെ കയ്യിൽ കിടന്ന് മൂന്നുതവണ മുങ്ങി കുളിച്ചു അവൻ തിരികെ വരുമ്പോൾ അച്ഛനോട് ചോദിച്ചു, "എന്താ അച്ഛാ എന്നെ ഇതുവരെ ഇവിടേക്ക് കൂട്ടാതിരുന്നത് ?” അപ്പുക്കുട്ടൻ ചോദ്യം കേട്ട് അച്ഛൻ തുടങ്ങി. "ഞാനും ഇത് നിന്നെ പോലെ കാണുന്നത് എപ്പോഴാണെന്നറിയാമോ ? "കുട്ടിക്കാലത്ത് എന്റെ അച്ഛൻ, അതായത് നിൻറെ മുത്തച്ഛൻ ആദ്യമായി കൊണ്ടുവന്നതായിരുന്നു. അന്ന് നീ ഇന്നു കാണുന്നതുപോലെ അല്ലായിരുന്നു. പാറകൾക്കിടയിൽ ഒരു കുഞ്ഞു കുളം. കുളം എന്നു പറയാൻ പറ്റില്ല അത്ര ചെറുതല്ല എന്നാൽ ഒരു കിണർ ആഴം പോലെ നല്ല ആഴം ഉണ്ടായിരുന്നത്രെ.

ഒരിക്കൽ ഉണ്ടായ മഴവെള്ളപ്പാച്ചിലിൽ പാറകൾ പൊട്ടി, കല്ലും പൊടിയും നിറഞ്ഞ് ആ കുളം ആകെ നിറഞ്ഞ് ഒരു വരണ്ട തരിശുഭൂമി ആയി. ഇത് കാണാത്തവിധം മൂടിയിരുന്നു അപ്പോഴാണ് ആ പാറക്കെട്ടിനുള്ളിൽ ഒരാൾക്ക് കടക്കാവുന്ന ഗുഹ ശ്രദ്ധയിൽ പെട്ടത്. ഗുഹക്കുള്ളിൽ എന്താണെന്ന് അറിയാൻ സാധിച്ചിട്ടില്ല. പിന്നീട് അധികൃതർ ആ കുളം നികത്തി നിരപ്പാക്കാൻ തീരുമാനിച്ചു. അന്ന്, അതിന്റെ പണി ദിവസം ഗുഹ അല്പം വലുതാവുകയും വെള്ളം വരാൻ തുടങ്ങി. ആ വെള്ളം നിറഞ്ഞൊഴുകി. എല്ലാം തകർത്തു. ഒരു വലിയ കുളത്തിന്റെ

ആകൃതിയിൽ വെള്ളം താണു കൊണ്ടിരുന്നു. അവസാനം വെള്ളം വറ്റി. കണ്ണു തിരുമ്മിക്കൊണ്ടേ നോക്കാൻ സാധിക്കൂ. തല ഉരുണ്ടു കറങ്ങുന്നത് പോലെ ഇരിക്കും. ദിവസങ്ങൾക്കകം നിറയെ മുകളിൽ വരെ വെള്ളം കയറി വന്നത്രേ. ഇതൊക്കെ ഞാൻ പറഞ്ഞു കേട്ടിട്ടുള്ളതാണ് വിസ്തരിച്ചറിയാൻ നിൻറെ മുത്തച്ഛനോട് ചോദിക്ക്. മുത്തച്ഛൻ നേരിൽ കണ്ടതാ." അച്ഛൻ കഥ പറഞ്ഞു നിർത്തി അപ്പുക്കുട്ടൻ ഒരു നിമിഷം അത്ഭുതപ്പെട്ടു നിന്നുപോയി. കഥയിൽ മുഴുകിയതിനാൽ കഥ അവസാനിക്കുമ്പോഴേക്കും വീട്ടുപടിക്കൽ എത്തിയിരുന്നു.

സൂര്യൻ മെല്ലെ മെല്ലെ മങ്ങിത്തുടങ്ങി. ചന്ദ്രൻ തിടുക്കത്തിൽ പാൽ നിലാ വെളിച്ചത്തിൽ ആകാശം മുട്ടെ പറന്നു. സഞ്ചാരികൾക്ക് വഴികാട്ടാൻ, വെളിച്ചം നൽകാൻ, അമ്മയുടെ മടിത്തട്ടിൽ ഇരുത്തി മാനം കാട്ടി ഊട്ടിയുറക്കുന്ന കുട്ടികൾക്ക് പുഞ്ചിരിയേകാനും അമ്പിളി പരന്നു. വീടുകളിൽ നിലവിളക്കിന്റെ പ്രകാശം പരക്കാൻ തുടങ്ങി. നിലാവെളിച്ചം ആസ്വദിക്കാൻ കഴിയാതെ അപ്പുക്കുട്ടന്റെ വീട്ടിലും ബൾബിൽ പ്രകാശം പരന്നു. രാമാനാമം ചൊല്ലിയ ശേഷം ചാരുകസേരയിൽ വെളുത്തു നരച്ച താടിയും ചുമലിൽ ഒരു തോർത്തുമുണ്ടും ധരിച്ച് ഇളം തണുത്ത കാറ്റ് ആസ്വദിക്കുന്ന മുത്തച്ഛനരികിലേക്ക് കുട്ടൻ ഓടിയെത്തി. "മുത്തച്ഛാ ഇന്നത്തെ കഥ പറ ." മുത്തച്ഛൻ കഥ പറഞ്ഞു, "ഒരിടത്തൊരിടത്ത് ഒരു ആനേണ്ടാർന്നു..." കഥ തുടങ്ങുമ്പോൾ തന്നെ കുട്ടൻ ചാടി കയറി പറഞ്ഞു, "ഇത് എല്ലായ്പ്പോഴും കേൾക്കണത് അല്ലേ, വേറെ കഥ പറ". "ഹാ ആ പാറക്കുളം ഇല്ലേ അതിന്റെ പിന്നിലെ കഥ പറ." ഏത് ?, തോട്ടത്തിന് നടുവിലുള്ള അതോ നീ എപ്പഴാ അങ്ങോട്ട് പോയത് ?" അപ്പു പറഞ്ഞു, "അച്ഛനോടൊപ്പം പാടത്ത് പോയപ്പോൾ ചളിയിൽ വീണു, അപ്പോൾ അവിടെ പോയി. അച്ഛൻ കുറച്ചു കഥ പറഞ്ഞുതന്നു. ഒരു ഗുഹയിൽ നിന്നും വെള്ളം വന്നതും അങ്ങനെയൊക്കെ, ബാക്കി പറഞ്ഞുതാ." " ആ, കേട്ടോ" മുത്തച്ഛൻ കഥ പറഞ്ഞു തുടങ്ങി. "ഒരിക്കൽ ഒരു വളർച്ചയുണ്ടായി. ഈ ഗ്രാമം വളരെ ചെറുതായിരുന്നു. ഒരു അഞ്ചാറു വീടുകൾ, രണ്ടു മൂന്നു കടകൾ. അതിനു നടുവിൽ വഴിയിൽ ഒരു വലിയ കിണർ. ഈ വരൾച്ചയിൽ ആ കിണറും വറ്റിപ്പോയി. ഒരു തുള്ളി വെള്ളം ഇല്ലാതിരുന്ന അവസ്ഥ. പലരും നാടുവിട്ടു മറ്റൊരു സ്ഥലം തേടി പോയി പോയി. ഞാനും മറ്റു ചിലരും മാത്രമായിരുന്നു പോകാതെ ഉണ്ടായിരുന്നുള്ളൂ. അന്നു രാത്രി എല്ലാവരും വീടിനുപുറത്ത് ഇരിക്കുകയായിരുന്നു. മഴപെയ്യാൻ കാത്ത്. പെട്ടന്നാണ് കുറച്ചകലെ മിന്നൽപ്രവാഹം പോലെ തീയും വെളിച്ചവും പ്രകാശിക്കുന്നത് കണ്ട് നാട്ടുകാർക്ക് അൽഭുതമായി. നീണ്ട മണിക്കൂറുകളോളം ആ വെളിച്ചം അവിടെ മായാതെ കിടന്നു. ചന്ദ്രനെ മറികടന്നു. സൂര്യൻ തിടുക്കത്തിൽ കടന്നു വന്നു. ആരും അത്ര ഉറങ്ങിയിരുന്നില്ല. സൂര്യനുദിച്ചതോടെ എല്ലാവരും ആ വെളിച്ചം കണ്ട സ്ഥലത്തേക്കോടി. ഞങ്ങളെ അത്ഭുതപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്തു ആ പ്രദേശം പാറകളായിരുന്നു. ആഴമാർന്ന ഒരു വലിയ കിണർ. അതു നിറയെ വെള്ളവും. എല്ലാവരും അതിൽ നിന്നും വെള്ളമെടുത്തു. അടുത്ത ദിവസം ആ കിണറിന് പിറകിൽ ഒരു വലിയ തടിച്ച ആൽമരം വളർന്നു . എല്ലാവരും

അത്ഭുതപ്പെട്ടു. ഇതുവരെ അവർ ആ ആൽമരം കണ്ടിട്ടില്ലായിരുന്നു. വരൾച്ച കഴിഞ്ഞ് വീട്ടുകളിൽ ധാരാളം വെള്ളം കിട്ടുന്ന സ്ഥിതിയായി. ആ കിണറ്റിലേക്ക് ഒന്നോ രണ്ടോ ആളല്ലാതെ മറ്റാരും പോകാതെയായി. കുറെ നാൾ കഴിഞ്ഞ് അവിടുത്തെ ഗ്രാമമുഖ്യൻ ഒരു തീരുമാനമെടുത്തു. ആ ആൽമരം മുറിച്ചു കളഞ്ഞ് മറ്റെന്തിനെങ്കിലുമുപകാരപ്പെടുത്താം അതവിടെ നിന്നിട്ട് എന്തു ലഭിക്കാനാണ്. ആ സ്ഥാനത്ത് മറ്റെന്തെങ്കിലും നിർമ്മിക്കാം. അദ്ദേഹത്തിന്റെ തീരുമാനത്തിന് കുറച്ചു പേർ കൂട്ടുനിന്നു. മറ്റു ചിലർ അതിനെ എതിർത്തു. അന്ന് അവർ ആലിനടുത്ത് ഒരു കമ്പ് കുത്തി. അന്നു രാത്രി ശക്തമായ കാറ്റു വീശി. മരം മുറിക്കുന്നത് എതിർത്തവരുടെ വീടുകളിലെ മരങ്ങൾ ഒഴികെ മറ്റുള്ളവരുടെ വീടുകളിലെ മരങ്ങൾ ചിലത് മുറിഞ്ഞ് നിലം പതിച്ചു. ഗ്രാമമുഖ്യൻ രാവിലെ ഉണർന്നപ്പോൾ തന്റെ തൊടിയിലെ തേക്കുമരം നിലം പതിച്ചതായി കണ്ടു. അവിടെ കുത്തി നിർത്തിയിരുന്ന കമ്പ് ആ തേക്കിന് മുകളിൽ കുത്തി നിൽക്കുന്നതായി കണ്ടു. ആലിനരികിലെ ഒരു ശിവലിംഗവും. അമ്പലം പണിയേണ്ട സ്ഥാനത്തെ ആൽമരം മുറിച്ചതു കൊണ്ടായിരിക്കാം അങ്ങനെയൊക്കെ സംഭവിച്ചതെന്ന് അവർക്ക് ബോധ്യമായി. അവിടെ ഒരു കാവ് നിർമ്മിച്ചു, അത് കാടിനകത്തെ നിധിയായി മാറി. അതിനിടെ പെട്ടെന്നുണ്ടായ ഉരുൾ പൊട്ടലിൽ കിണറിനരികിലെ പാറകൾ ഇടിഞ്ഞ് കിണർ മൂടപ്പെട്ട് ഒരു തരിശ് ഭൂമിയായി. അതിനിടയിൽ ഒരാൾക്ക് കടക്കാവുന്ന ഒരു ഗുഹ. ഒരാൾ അതിൽ കടക്കാൻ ശ്രമിച്ചെങ്കിലും പെട്ടെന്ന് അത് അടക്കപ്പെട്ടു. പിന്നീട് ആ ഗുഹ വലുതായി അതിൽ നിന്നും വെള്ളം വന്ന് തുടങ്ങി. ആ തരിശു ഭൂമിയുടെ ആഴം കൂടി അതൊരു വലിയ കുളമായി മാറി. ഇങ്ങനെയാണ് ആ കുളമുണ്ടായത്.” മുത്തച്ഛൻ കഥ പറഞ്ഞ് നിർത്തി. “ ആ കാവ് ഇപ്പോഴും ഉണ്ടോ ?” അപ്പുക്കുട്ടൻ ചോദിച്ചു. "അതെന്താ ആൽമരവും കാവും കുളവും ഇപ്പോഴും ഉണ്ട്. അപ്പൂന് പോണോ?” "ഉം നമുക്ക് നാളെ പോയാലോ?” അപ്പു ചോദിച്ചു. “പോകാം ഇപ്പോ കിടന്നോ"

അപ്പുവിന് സന്തോഷമായി. രാത്രിയിലെ നിദ്രയിലേക്ക് വഴുതി നാളെയെന്ന സ്വപ്നകാഴ്ചയിലേക്ക്.
പതിവുപോലെത്തന്നെ സൂര്യൻ അപ്പുക്കുട്ടന്റെ ജനലിൻ പാളികളിലൂടെ വന്ന് അവന്റെ മുഖത്തു തട്ടി.
സൂര്യൻ അവനെ ഉണർത്തി. കുഞ്ഞി കൈയാൽ കണ്ണുകൾ തിരുമ്മിക്കൊണ്ട് അവൻ മുറ്റത്തേക്കിറങ്ങി പ്രപഞ്ചത്തെ ഉണർത്തുന്ന സൂര്യൻ, മഞ്ഞുതുള്ളി വീണ വറ്റിയ ചെടികൾ പ്രഭാതത്തിലേക്ക് തലയുയർത്തി നിന്നു.
അവർ കാവിലേക്ക് യാത്രയായി. "കുട്ടാ അത്ര അടുത്ത പോവേണ്ട നല്ല ആഴമുള്ള കിണറാണ്" പെട്ടെന്ന് അവന് മുത്തച്ഛൻ പറഞ്ഞ കഥ ഓർമ്മവന്നു. അവൻ ചോദിച്ചു. “ മുത്തച്ഛാ നമ്മൾ ആ കാവു കാണാനല്ലേ വന്നത് നമുക്ക് അവിടേക്ക് പോവാം.“ "ആ പോവാം. എന്നോട് അതു മറന്നു പോയി വയസ്സായില്ലേ, അതുകൊണ്ടാവാം." മുത്തച്ഛനൊന്നു ചിരിച്ചു . ഒട്ടിയ കവിൾ, അതിൽ നിറഞ്ഞ കണ്ണുകൾ തിളങ്ങുന്നതു അവൻ കണ്ടു. എന്താ മുത്തച്ഛാ കണ്ണുനിറഞ്ഞിരിക്കുന്നത്

മുത്തശ്ശിയെ ഓർത്തു പോയോ?” മുത്തച്ഛൻ ഓർമ്മയിൽ നിന്നുമുണർന്നു. പണ്ടുള്ള വല്ലതും ഓാർത്തതാണോ? അവൻ വീണ്ടും ചോദിച്ചു. മുത്തച്ഛൻ തുടങ്ങി ഒരു വലിയ ചെറിയ കഥ. “അപ്പു പറഞ്ഞത് ശരിയാ എനിക്ക് വയസ്സുകൂടുന്തോറും എൻെറ ഓാർമ്മ കൂടിവരുകയാണ്. പണ്ടൊരിക്കൽ ഒരു മഹാപ്രളയം തന്നെയുണ്ടായി അരയോളം വെള്ളം അതിനെ മറികടന്ന് ഞങ്ങൾ കരകയറി.

ദുരിതാശ്വാസ ക്യാമ്പിൽ നിന്നും തിരിച്ച് വീട്ടിലെത്തി. വീടെന്നു പറയാൻ ഒന്നും ഉണ്ടായിരുന്നില്ല. ഓല മേഞ്ഞ മേൽക്കൂരയുള്ള ചെറിയ വീട്, ഞങ്ങളുടെ അധ്വാനത്തിൽ പണിതത്. അതിന്റെ അവസ്ഥ കണ്ടപ്പോൾ മുത്തശ്ശി കരഞ്ഞുപോയി. ചെളിനിറഞ്ഞ, മേൽക്കൂരയില്ലാത്ത, ചുമർ ഇടിഞ്ഞ വീട്. അതു വൃത്തിയാക്കി. ഒരു നേരത്തെ ആഹാരം ഇല്ലാത്ത ഞങ്ങൾ അലഞ്ഞു. പൊട്ട കിണറ്റിലെ വെള്ളം കുറച്ച് കുടിച്ച് വിശപ്പടക്കി. ഒരിക്കൽ വെള്ളം കോരുന്നതിനിടയിൽ നിന്റെ മുത്തശ്ശി കാൽവഴുതി കിണറ്റിൽ വീണു. അങ്ങിനെയാണ് നിൻറെ മുത്തശ്ശി......” ഇടറിയ ശബ്ദത്തിൽ മുത്തശ്ശൻ പറഞ്ഞു നിർത്തി. വിഷയം മാറ്റി സങ്കടം ഉള്ളിൽ അടക്കി മുത്തച്ഛൻ പറഞ്ഞു, " വാ നടക്ക്, ആ കാണുന്നതാ കാവ്.” കാവിൽ എത്തിയത് അറിഞ്ഞില്ല. ഞാൻ ചുറ്റും നോക്കി അത് ഒരു വലിയ കാടാണ്.

ആ കാടിന് നടുവിൽ ഈ കാവ് സ്ഥിതി ചെയ്യുന്നു. അതിനു നടുവിൽ ഒരു മുത്തശ്ശൻ മരം. താനൊരു വലിയ കണ്ടെത്തൽ നടത്തിയ ഒരു ശാസ്ത്രജ്ഞൻ എന്ന മട്ടിൽ ആകാശത്ത് ഉയർന്നു പറക്കുന്ന പറവയെ പോലെ അപ്പുവും ഉയരെ, ആകാശം മുട്ടെ പറന്നുയരുന്നു. ആരും മനസ്സിലാക്കാത്ത കാടിനകത്തെ ഒരു വലിയ നിധി കണ്ടെത്തിയ, നിധിയുടെ ചരിത്രം മനസ്സിലായ മട്ടിൽ അപ്പു അവന്റെ ലോകത്തേക്ക് ശാസ്ത്രജ്ഞനായി പടർന്നു കയറുകയാണ്

സാനിക.ടി.പി
8-H

# മഴത്തുള്ളികൾ

സ്വർഗത്തിൽ  നിന്ന് വെള്ളിനൂലുപോലെ
സ്വർഗദേവന്റെ മൊഴിമുത്തുപോലെ
ഇരുണ്ട മേഘങ്ങളിലൂടെ
ഇടുങ്ങിയും നടുങ്ങിയും അതാ വരുന്നു....

പൂക്കളെയും മരങ്ങളെയും തഴുകിയുണർത്തി
പൂങ്കാവനങ്ങളിൽ പൂന്തേൻ നുകരാൻ
ആനന്ദത്തിൻ ആരവങ്ങളുമായി...
ആഹ്ലാദത്തോടെ അതാ വരുന്നു.....

മേഘങ്ങളാം അമ്മതൻ മടിത്തട്ടിൽ
മിണ്ടാതെ കിടന്നകാലം മാഞ്ഞുപോയീ
മണ്ണിനെയും വിണ്ണിനെയും ഉണർത്താനാശിച്ച
മനസ്സോടെ അതാ വരുന്നു.......

ഇടിയുടെയും മിന്നലിന്റെയും അകമ്പടിയോടെ
ഇരുട്ടിലും മടിയില്ലാതെ-
ഒന്നിക്കുമ്പോൾ വെള്ളത്തിരയായി
ഒത്തൊരുമയോടെ അതാവരുന്നൂ.....

വരും വരും എന്ന പ്രതീക്ഷയിൽ
വന്നീടുന്ന മഴത്തുള്ളികൾ
വർത്തമാന കാലത്തോടെ മായല്ലേ...
വരും കാലങ്ങളിലും പ്രതീക്ഷക്കുന്നു...

ഷറഫ് നദ.ടി
9-B

# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ
ഡിജിറ്റൽ മാഗസിൻ
പൂർത്തിയായിരിക്കുകയാണ്.
തങ്ങളുടേതായ മനോഹരമായ
കൊച്ചു കൊച്ചു കഥാ,
കവിതാ ശകലങ്ങൾ നൽകി
ഞങ്ങളുടെ മാഗസിനു വേണ്ടി
മനസ്സറിഞ്ഞ് പ്രവർത്തിച്ച
അതിൽ പങ്കാളികളായ
ലിറ്റിൽ കൈറ്റ്സിന്റെ
മുഴുവൻ യൂണിറ്റംഗങ്ങൾക്കും
വിദ്യാർത്ഥികൾക്കും
അദ്ധ്യാപകർക്കും
ഞങ്ങളുടെ പേരിൽ
ഹൃദയം നിറഞ്ഞ
നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം

കൈറ്റ് മാസ്റ്റർ &
കൈറ്റ് മിസ്ട്രസ്സ്